✠

ഉ. മ. യ.

മലയാളത്തിലെ ക. ദി. ശ.

സഭയുടെ

സ്ഥാപക

ചിതാക്കന്മാർ.

പ്രസ്തുത സഭയുടെ സർക്കുലർ ലൈബ്രറി സൂക്ഷിപ്പുകാരൻ.

Permissu

Superiorum.

PRINTED AT ST. JOSEPH'S PRESS,

MANNANAM,

1905.

ൎരം. മ. യ.

മലയാളത്തിലെ ക. ദി. മ. സഭയുടെ

സ്ഥാപക പിതാക്കന്മാർ.

DHARMARAM COLLEGE
LIBRARY
BANGALORE

പ്രസ്തുത സഭയുടെ

സുവർണ്ണജൂബിലി സ്മാരകം.

വൈദീക ശ്രേഷ്ഠാനുമതിയോടെ

മാന്നാനത്ത്

വി. യൌസേപ്പു പിതാവിന്റെ അച്ചുക്കൂട്ടത്തിൽ

അച്ചടിക്കപ്പെട്ടതു്.

൧൯൦൭.

DHARMARAM COLLEGE LIBRARY
Ac. No. 51799
Call No. K 91/588

AK.

അനുവാദ പത്രം.

ന. സഭയുടെ ആദ്യ പിതാക്കളായ മൂന്നുപേരുടെ ചരിത്രം ട്ടംപോലെ രണ്ടച്ചന്മാരു പരിശോധിച്ചു സാക്ഷിച്ചിരിക്കയാൽ സിദ്ധപ്പെട്ടതുന്നതിനു അനുവദിക്കുന്നു.

ഏന്നു

ക. ദി. മൂ. സ. പ്രിയോർ ജനറാൾ
ആ. അലെക്സാന്തർ യൌസേപ്പു പട്ടക്കാരൻ

തേവര കോ.
ഫൊൻതവുശ്ശിക്കം ഫൊനു-

.ദിനം ൨൨ നവമ്പർ ൧൯൦൫

NIHIL OBSTAT

IMPRIMATUR.

✠ Matheus Makil,
Ep. Trallensis et Vic. Ap.
Changanacheriensis.

22 Nov. 1905
Changanacherry.

മുഖവുര.

മലയാളത്തിലെ ക. ടി. മൂ. സഭയുടെ സ്ഥാപകപിതാക്കന്മാരായ പെ. ബ. പാലയ്ക്കൽ തോമ്മാമല്പാനച്ചൻ, പെ. ബ. പോത്തുക്കര തോമ്മാമല്പാനച്ചൻ, പെ. ബ. ചാവറ കുറിയാക്കോസ് ഏലിയാ പ്രിയോരച്ചൻ എന്നിവരുടെ ജീവചരിത്രങ്ങൾ ഒരും കൊവേന്തറിക്കാർട്ടിൽ നിന്നെടുത്തു ഒരും ചെറിയ പുസ്തകത്തിൽ ചേർത്തിരിക്കുന്നു. പെ. ബ. പാലയ്ക്കൽ തോമ്മാമല്പാനച്ചന്റെ ചരിത്രം അവിടത്തെ ശിഷ്യനായ പെ. ബ. ചാവറ കുറിയാക്കോസച്ചനും, പെ. ബ. പോത്തുക്കര തോമ്മാമല്പാനച്ചന്റെയും, പെ. ബ. ചാവറ കുറിയാക്കോസ് ഏലിയാ പ്രിയോരച്ചന്റെയും ചരിത്രങ്ങൾ, മാന്നാനം മുതലായ കൊവേന്തകളുടെ രണ്ടാം പ്രിയോരായ പെ. ബ. പോത്തുക്കര കുറിയാക്കോസ് ഏലീശാഅച്ചനും സ്വന്തകൈപ്പടകളിൽ എഴുതിവച്ചിട്ടുള്ളതാണു്. ഒരും ചരിത്രങ്ങളെ ക. ടി. മൂ. സഭയുടെ സ്വർണ്ണ ജൂബിലി ആഘോഷിക്കപ്പെടുന്ന ഒരും ആണ്ടിൽ മൂലപ്രതികളിൽനിന്നു പകർത്തി ദൈവസ്തുതിയ്ക്കും ടി. പിതാക്കന്മാരുടെ ഓർമ്മയ്ക്കുമായി ഒരു ചെറിയ പുസ്തകരൂപേണ പ്രസിദ്ധപ്പെടുത്തുന്നതു യുക്തമെന്നു ഞങ്ങൾക്കു തോന്നി. എന്തെന്നാൽ ദൈവത്തിന്റെ പ്രത്യേക കൃപയാൽ മലയാളത്തിൽ ഒരും സഭ സ്ഥാപിക്കപ്പെട്ടു എന്നു് ഒരും ജീവചരിത്രങ്ങളിൽനിന്നു സ്പഷ്ടമായി കാണാവുന്നതാകയാൽ ഒരും ജൂബിലി അവസരത്തിൽ ദൈവത്തിനു് പ്രത്യേകമായി ഉപകാരസ്മരണ ചെയ്യുന്നതിനു ഒരും ചരിത്രം നമ്മെ ഉത്സാഹിപ്പിക്കും.

മലയാളഭാഷ ദിവസേന പരിഷ്കരിക്കപ്പെട്ടവരുന്ന ഒരും കാലത്തു, നമ്മുടെ പിതാക്കന്മാർ പഴയകാലങ്ങളിൽ എഴുതി ഇട്ടിരിക്കുന്ന ഒരും ചരിത്രങ്ങൾ ഭാഷയിൽ പല ന്യൂനതയുള്ളവയായി വല്ലവർക്കും തോന്നിയേക്കാം. എന്നാൽ പൂർവ്വത്തിനുമേലുള്ള വണക്കംനിമിത്തവും, വിശ്രുത ദൈവശുശ്രൂഷികളായ ടി. പിതാക്കന്മാരുടെ വ്യക്തമായ പരമാർത്ഥവാക്യങ്ങളിൽ ഒരുവിധ ആത്മീക മഹത്വം പ്രകാശിക്കയാലും, അവയിൽ ഞങ്ങൾ യാതൊരു ഭേദഗതിയും ചെയ്യാതെ പ്രസിദ്ധപ്പെടുത്തുക അത്രെ ചെയ്തിട്ടുള്ളതു്. ഒരും പുരാതന ചരിത്രം പുണ്യജീവിതത്തിനു നമ്മെ ഉത്സാഹിപ്പിക്കുന്നതുകൂടാതെ, മലയാളത്തിലെ പള്ളിചരിത്ര വിഷയത്തിൽ നമുക്കു ഒരു ദീപമായി ശോഭിക്കയും ചെയ്യും എന്നു് വിശ്വസിക്കുന്നു.

മാന്നാനം കൊവേന്തയുടെ പ്രിയോർ.

ക. ടി മൂ. സ. അ. അലെക്സാന്തർ യൌസേപ്പുപട്ടു: (ഒപ്പു)

മാന്നാനം ഫൻറ്റ വ്യുശ്രികം ഫരു.
ക. ടി. പുണ്യവാള. തിനാൽ.

മലയാളത്തിൽ ക. ദി. മു. സഭയുടെ

അടിസ്ഥാനക്കാരിൽ ഒന്നാമനായ പള്ളിപ്പുറത്തുപള്ളിഇടവകക്കാരൻ

പാലയ്ക്കൽ പെ. ബ. തോമ്മാ മല്പാനച്ചന്റെ

ചരിത്രം.

(പെ. ബ. ചാവറ പ്രിയോരച്ചനാൽ എഴുതപ്പെട്ടതു.)

പെ. ബ. തോമ്മാച്ചന്റെ ജന്മ ഭവനം തെക്കൻപള്ളിപ്പുറം എന്ന ദിക്കിൽ, പള്ളിയുടെ കിഴക്കോട്ടുള്ള അങ്ങാടിയിൽ വടക്കെ ഭാഗത്തിൽ പാലയ്ക്കൽ എന്ന തറവാട്ട ആകുന്നു. ഒരു ദേഹത്തിന്റെ മൂത്തപ്പൻ ഗീവറുഗീസു പട്ടക്കാരനും ഇളയപ്പൻ മാത്തു കത്തനാരും ഇങ്ങനെ രണ്ടു പേരുണ്ടായിരുന്നു. ഇവരിൽ മാത്തു കത്തനാരച്ചന്റെ ജ്യേഷ്ഠൻ ആണ ഇദ്ദേഹത്തിന്റെ പിതാവ്. അമ്മ കല്ലുക്കാട്ട പള്ളി ഇടവകയിൽ പുത്തൻപുരയ്ക്കൽ എന്നു പേരുള്ള പള്ളിയുടെ തെക്കെ അങ്ങാടിയിൽ ഉള്ള വീട്ടിൽ ജനിച്ചവളാണു. ഇദ്ദേഹത്തിന്റെ കാരണവന്മാർ ഒരു പ്രകാരം ദ്രവ്യവും മാനവുമുള്ളവരത്രെ. ആ ഇടവകയിൽ, ഇദ്ദേഹത്തിന്റെ ചെറുപ്പത്തിൽ മലയാംകണക്കിൽ നൂറ്റമ്പതുമാണ്ടിൽ വസൂരിയും പഞ്ഞവും അധികമായി ഉണ്ടായി. ഇതിനാൽ കാരണവന്മാരിൽ പ്രാപ്തി ഉള്ളവർ മരിക്കയാലും മറു ചില ആപത്തുകളാലും ഒരു ദ്രവ്യങ്ങൾക്കു അധിക നഷ്ടം വന്നതിനാൽ വലിയ ഞെരുക്കമായിരുന്നു. ഒരു വസന്തയിൽ അപ്പൻ മരിച്ചുപോയി. ഇദ്ദേഹത്തിന്റെ ജ്യേഷ്ഠൻ സാമർത്ഥ്യമില്ലാത്ത ഒരുത്തനും പൊറുപ്പുക്കാരനും ആയിരുന്നു. ഇദ്ദേഹത്തിന്റെ അമ്മ തന്റെ രണ്ടു പെണ്കുട്ടികളെയും രണ്ടു ആണ്മക്കളെയും വലിയ ബുദ്ധിമുട്ടോടുകൂടി വളർത്തിക്കൊണ്ടുവന്നു. എന്നാൽ അമ്മ അക്കാലങ്ങളിൽ ഉള്ള ഭക്തിക്കാരത്തികളിൽ അധിക ഭക്തിയുള്ളവളായിരുന്നു. ആയതിനാൽ അവളുടെ അനുജത്തിയുടെ സഹായത്താലും വലിയ ബുദ്ധിമുട്ടോടുകൂടെയും ജീവിച്ചുവന്നു.

ആ കാലത്തിൽ മേല്പറഞ്ഞപോലെ പഞ്ഞവും വസന്തയും ഉണ്ടാകയാലും വടക്കെ ദിക്കുകളിൽ ടിപ്പുസുൽത്താൻ എന്ന മഹമ്മദു രാജാവിന്റെ പട വന്നു പള്ളികളും പട്ടണങ്ങളും നശിപ്പിക്കയാലും കാണുന്നവരെ പിടിച്ചു അവന്റെ വേദത്തിൽ ഉൾപ്പെടുത്തുവാൻ ബലം ചെയ്കയാലും ഏറിയ ജനങ്ങൾ ആ ദിക്കുകളിൽനിന്നു ഓടിവരികയും അതോടുകൂടെ കുന്നത്തോട്ടിൽ തച്ചിൽ മാത്തുതരകൻ എന്ന ആളും അയാളുടെ അനുജൻ അവുസേഫ മല്പാനച്ചനും ആ ദേഹത്തോടുകൂടി പഠിച്ചിരുന്ന ശെമ്മാച്ചന്മാരും വന്നു പള്ളിപ്പുറത്തു

ക. ദി. മൂ. സഭക്കാരുടെ അടിസ്ഥാനക്കാരനും രണ്ടാമത്തെ ശ്രേഷ്ഠനുമായ കല്ലൂക്കാട്ട പള്ളി ഇടവകക്കാരൻ പോത്രുക്കരെ പെ. ബ. തോമ്മാ മല്പാനച്ചന്റെ ചരിത്രം.

(പെ. ബ. പ്രിയോർ കുറിയാക്കോസച്ചനാൽ എഴുതപ്പെട്ടതു.)

൧൮൦൪ വരാപ്പുഴ വികാരി അപ്പസ്തോലിക്കായുടെ ഭരണത്തിൻ കീഴുള്ള പ്രധാന പള്ളിയായ കല്ലൂക്കാട്ട ഇടവകയിൽ പോത്രുക്കര തറവാട്ടിൽ ഇട്ടിക്കുരുവിള ത്തരകൻ, മറിയം എന്ന ദൈവഭക്തിയും അറിവും ഗുണശീലവുമുള്ള മാതാപിതാക്കന്മാരിൽ നിന്നു് ൧൮൩൦–൩൦കാലം ജനിച്ചു. തന്റെ ക്രൂടപ്പിറപ്പുകളായി നാലു സഹോദരരും മൂന്നു സഹോദരികളും ഉണ്ടായിരുന്നു. ഈദ്ദേഹം എല്ലാവരിലും മൂത്തവനും പൈതൽ പ്രായത്തിലേതന്നെ എല്ലാവരും സന്തോഷിപ്പാൻ തക്കവണ്ണം പരമാർത്ഥം, സാധുത്വം മുതലായ സൽഗുണങ്ങളാൽ തമ്പുരാനും മാനുഷക്കും ഇഷ്ടമുള്ളവനായിരുന്നു. ചെറുപ്രായത്തിൽ എഴുത്തും വായനയും പഠിച്ചു. അതിനാൽ പള്ളിയിൽ തന്നെക്കൊണ്ടു വലിയ വേദോപദേശം വായിപ്പിച്ചിരുന്നു. ബുദ്ധിസാമർത്ഥ്യവും ഗുണശീലവുംകണ്ടു, പട്ടത്തിനായി പഠിപ്പിക്കേണമെന്നു് തന്റെ കാരണവരായിരുന്ന പോത്രുക്കര മൂപ്പച്ചനും ശേഷം പേരും നിശ്ചയിച്ചു. അക്കാലത്തിൽ സംബന്ധക്കാരും കീർത്തിപെട്ട മല്പാന്മാരുമായിരുന്നവരു പഠിപ്പിച്ചിരുന്ന വടയാറു സിമ്മനാരി, കുമരകത്തു സിമ്മനാരി മുതലായതിലാക്കുവാൻ പലതിനാലും ഇടയുള്ളതായിരുന്നു. എങ്കിലും തന്റെ പിതാവു മഹാ ബുദ്ധിയും, വിശേഷാൽ അധികദൈവഭക്തിയും ജ്ഞാനഅറിവുമുള്ളവനായിരുന്നതിനാൽ പഠിനത്തിന്റെമേൽ താല്പര്യംവെച്ചു തമിഴിൽനിന്നു ജപപുസ്തകം, സുവിശേഷ വിരെത്തുര, മുതലായ പുസ്തകങ്ങൾ താൻ എഴുതിയെടുക്കയും പുസ്തകം പിടിച്ചു പൂജ കാണുകയും മറുമുള്ള ജ്ഞാനക്രമത്തിന്റെ തുടക്കക്കാരൻ എന്നപോലെ ആയിരുന്നു. അഞ്ചുതെങ്ങിൽനിന്നു ഇംഗ്ലീഷ്, പോർത്തുഗീസു, മുതലായ പേച്ചുകൾ പഠിപ്പിക്കുന്നതിനായിട്ടു അധിക ശമ്പളംകൊടുത്തു മേസ്ത്രിനിയെ വരുത്തി തന്റെയും മറും പൈതങ്ങളെ പഠിപ്പിക്കയും, ദൈവശുശ്രൂഷികൾക്കുടുത്ത സ്ഥിതിയിൽ ആയിരിക്കണം പട്ടക്കാരു, എന്നുള്ള അഗ്രഹത്താൽ വരാപ്പുഴെ അപ്പസ്തോലിക്കാ സിമ്മനാരിയിൽ, പഴെ മൂവിട്ടു അയക്കണമെന്നു നിശ്ചയിക്കയും ചെയ്തു. അതേപ്രകാരം ഞാറയ്ക്കൽ ചെറിയാൻ കുഴ്ക്കനെന്ന അപ്പസ്തോലിക്കാ മല്പാനച്ചൻ കല്ലൂക്കാട്ട കണക്കു കേൾവിക്കായി ചെന്നിരുന്നപ്പോൾ

യോഗക്കാരെ കൂട്ടി അപേക്ഷ അറിയിക്കുകയും എല്ലാവരുടെ സന്തോഷത്തോടുകൂടെ ദൈവാശീർവ്വാദത്തിന്നായി മൂന്നു പട്ടക്കാരുടെ കുർബ്ബാനയും നടത്തി, മാർ തോമ്മാശ്ലീഹായുടെ അൽത്താരിയിങ്കൽ നേർച്ചയും വെച്ചു പ്രാർത്ഥിച്ചുകൊണ്ടു പഠിനവും തുടങ്ങിച്ചു് പഠിപ്പാൻ അയക്കയും ചെയ്തു. എന്നാൽ തന്റെ പിതാവിന്റെ ശ്രദ്ധലാക്കിനു തക്കവണ്ണം ലോക പ്രപഞ്ചങ്ങളിലും വീട്ടുകാര്യങ്ങളിലും കലരാതെ ദൈവ ശുശ്രൂഷയിൽ കാലം പോക്കണമെന്നുള്ള ആഗ്രഹപ്രകാരം സിമ്മനാരിയിൽ തന്റെ മല്പാനച്ചനും യജമാനന്മാരും കൂട്ടുകാരും വിസ്മയിപ്പാനും സന്തോഷിപ്പാനും തക്കവണ്ണം പഠിനകാര്യത്തിലും പുണ്യജീവിതത്തിലും ജീവിക്കയാൽ മല്പാനച്ചനും മറും വളരെ പ്രിയവും സമ്മതവും ആയിരുന്നു.

൧൮൭൯-ാം കാലം ഇടവം ൧൯-ാനു പത്രോസു ദെൽക്കാന്തര എന്ന ബോംബയുടെ മെത്രാനച്ചനിൽനിന്നു ആസുപ്പാട്ട ഏറ്റു. ൧൮ വയസ്സിൽ നാലാം പട്ടമായിരിക്കുമ്പോൾ ൧൮൮൨-ാം കാലം തന്റെ പിതാവു നാല്പത്തൊന്നു വയസ്സു പ്രായത്തിൽ മരിക്കയാൽ എല്ലാംകൊണ്ടും വളരെ വ്യാകുലം അനുഭവിച്ചു. ചെറിയപട്ടങ്ങൾ ഉള്ള കാലത്തിൽതന്നെ നാളാഗമം അതായതു, വത്തമാനങ്ങൾ എഴുതിവന്നിരുന്നു. പടാത്ഥയും നിത്യമായിട്ടെന്നപോലെ എല്ലാവക്കും വളരെ സന്തോഷമാകാൻ തക്കവണ്ണം പുത്തൻ കുർബ്ബാനകൾക്കും, തിരുനാളുകൾക്കും മല്പാനച്ചൻ പറയിച്ചിരുന്നു. പൊതുപ്പരീക്ഷകളിൽ ജയിച്ചിരുന്നു. ഉത്സാഹം എത്രയും അധികവും സഭയിൽ അധിക ശോഭയും ഉണ്ടായിരുന്നു. ൧൮൮൫-ാം കാലം കന്നിമാസം ൨൫-ാംനു കുർബ്ബാനപ്പട്ടമേറ്റു. ടി. തുലാമാസം ൨൩-ാംനു ഞായറാഴ്ച ശ്ലോഷത്തോടുകൂടെ പുത്തൻ കുർബ്ബാന ചൊല്ലുകയും ചെയ്തു. ഉടൻതന്റെ ഇടവകയാകുന്ന കല്ലൂർക്കാട്ടു വികാരിയായി.

ആ കാലങ്ങളിൽ പട്ടക്കാരു ളോഹ ഉടുത്തു നടക്ക മര്യാദ ഇല്ലായിരുന്നു. എങ്കിലും വരാപ്പുഴ സിമ്മനാരിയുടെ മുറ്റു പട്ടമേറാ നാൾമുതൽ താൻ അപ്രകാരം ക്രമത്തോടെ നടന്നുവന്നു. അക്കാലത്തിൽ വളരെ പട്ടക്കാരു വയസ്സും പ്രായവും ചെന്നവരും ഉണ്ടായിരുന്നു. എങ്കിലും തന്റെ സാധുത്വത്താലെയും വിവേകത്താലെയും വഴക്കുകൾക്കും മറും ഇടവരാതെ പലപല നല്ല മര്യാദകളെ നടത്തുകയും പൂവ്വീക അപമര്യാദകളെ നീക്കുകയും ചെയ്തു. അക്കാലത്തിൽതന്നെ റബ്ബേക്കുകൊട്ടും പാട്ടുകളും പഠിപ്പിക്കുന്നതിന്നായി തെക്കുനിന്നു ഒരു മേസ്തിരിയെ കൊണ്ടുവന്നു് തന്റെ സഹോദരരുമുതലായി പലരേയും പഠിപ്പിച്ചു. പള്ളിയിൽ പാട്ടുകളും കൊട്ടുകളും നടന്നു. ആകാലം പള്ളിപ്പുറത്തും നടന്നു. സിമ്മിനാരിയിൽവെച്ചു തന്നെ ബുധൻ കിഴമ പ്രസംഗം വായിച്ചു യൌസേപ്പു പിതാവിന്റെമേൽ ഭക്തിയായിരുന്നതിനാൽ ആ ഭക്തി വർദ്ധിപ്പിക്കുന്ന

പ്പിക്കുന്നതിനുള്ള അനുവാദങ്ങളും മറും റോമായിൽനിന്നു വന്നതിനാൽ വളരെ സന്തോഷിച്ചു ദൈവത്തിനു ഉപകാരസ്മരണ ചെയ്തു.

൧൭൭൦–ാം കാലം ദീനം കൂടുതലായി. എത്രയും മാണിക്യമുള്ള ആയുസ്സിനെ കാക്കുന്നതിനു പല വിധമായിട്ടു പലരാൽ പ്രയാസപ്പെട്ടുവെങ്കിലും ദൈവ തിരുമനസ്സു ഉടനെ ചെയ്ക വേലയ്ക്കു സമ്മാനം കൊടുക്കുന്നമെന്നായിരുന്നു. അതുകയാൽ മൂന്നു മാസത്തേക്കു ദീനത്തിന്റെ ദുഃഖങ്ങളും മുഴുവനായ കാഴ്ചക്കേടും മഹാക്ഷമയോടും സന്തോഷത്തോടും കൂടെ സഹിച്ചു മേലാൽ തന്റെ ജ്ഞാനമക്കളായിരിക്കുന്ന എല്ലാ കൊവേന്തകളിലുമുള്ള സന്ന്യാസികളുടെ അറിവിന്നും നിത്യസൂക്ഷത്തിന്നുമായി അനേക താല്പര്യങ്ങളടങ്ങിയിരിക്കുന്ന മരണപത്രിക മുമ്പിനാൽ തന്റെകയ്യാലെ എഴുതികയ്യൊപ്പുവച്ചു, മരണത്തിന്റെശേഷം പെ. ബ. ലേപ്പോൾദ് മുപ്പച്ചന്റെ പക്കൽ കൊടുക്കുന്നതിനായി തന്റെ ദിനത്തിൽ ചിറാഴ്ച ചെയ്തിരുന്ന പുതു സ. അഹാ. ലേപ്പോൾദിന്റെ പക്കൽ ഏൽപ്പിച്ചു.

പെ. ബ. പീലിപ്പോസ് മുപ്പച്ചനോടു ഒടുക്കത്തെ കുമ്പസാരവും കഴിച്ചു അ ദേഹത്തിന്റെ കയ്യാൽ ശുദ്ധ. കുർബാന കൈക്കൊണ്ടു. ൧൭൭൧–ാംകാലം മകരമാസം ൨–ാംനു- തിങ്കളാഴ്ച മൂന്നു മണിസമയത്തു പെ. ബ. ക്രുനമ്മാവു വികാരി യൌസേപ്പച്ചന്റെ കയ്യാൽ നല്ല ഭക്തിയോടെ ഒടുക്കത്തെ ഒപ്രൂശ്ശായും ദോഷപൊറുതികളും കൈക്കൊണ്ടു എത്രയും വിശേഷമായ ഭക്തിക്കുറുത്ത വചനങ്ങളും നല്ലഗുണദോഷങ്ങളുംചൊല്ലി മുഴുവൻ ബോധമറിവോടും, സമാധാനത്തോടുംകൂടെ ൧൭൭൧–ാംകാലം മകരമാസം ൨–ാംനു- കാലത്തു ഏഴരമണിക്കു ക്രുനമ്മാവു കൊവേന്തയിൽ തന്റെ മക്കളുടെ കൈകളിൽ ദൈവസമാധാനത്തിൽ മരിച്ചു.

പിറേദിവസം കുറിയാക്കോസ് ഏലീശാ അച്ചൻ ശവസംസ്കാരകർമ്മം നടത്തി, യൌസേപ്പു ത്രേസ്യാച്ചൻ റാസപാടി, കാപ്പിലച്ചൻ പ്രസംഗം പറഞ്ഞു. ഏറിയ പട്ടക്കാരും ജനങ്ങളും ൦രം കർമ്മത്തിനു കൂടിയിരുന്നു. അടക്കിയതു പള്ളിയുടെ മദ്ബഹായുടെ അഴിക്കു താഴെ മദ്ധ്യസ്ഥലത്താണു്.

൦രം ദേഹത്തിന്റെ അവശിഷ്ടങ്ങൾ ക്രുനമ്മാവുകൽ നിന്നും മാന്നാനത്തു കൊണ്ടുവന്നു് ൧൮൭൨–ാംനു- വെള്ളിയാഴ്ച കാലത്തു എട്ടുമണിക്കു, ആഘോഷമായ റാസ, ഒപ്പീസു ൦രം തിരുക്കർമ്മങ്ങളും, സന്ദർഭോചിതമായ ഒരു പ്രസംഗവും കഴിച്ചു മാന്നാനത്തു ആശ്രമ ദേവാലയത്തിന്റെ മദ്ബഹായുടെ അഴിക്കു താഴെ തെക്കു വശത്തു അഘോഷമായി സംസ്കരിക്കപ്പെട്ടു. ൦രം സന്ദർഭത്തിൽ, എല്ലാ കൊവേന്തകളുടെയും ശ്രേഷ്ഠന്മാരും, പല സന്ന്യാസ പ

ട്ടക്കാരും ൨൦ ഓളം ഇടവകപ്പട്ടക്കാരും വളരെ ജനങ്ങളും കൂടിയിരുന്നു.

ഇദ്ദേഹത്തിന്റെ വിശേഷമായ മരണം അഗ്രഹിക്കുന്ന നാം അങ്ങെ വിശേഷമായ ജീവിതം കണ്ടു പഠിക്കാൻ പ്രയാസപ്പെടുക.





അനുക്രമണിക.

സഭാപിതാക്കളുടെ ചരിത്രം.

പക്ഷം.

൧. മലയാളത്തിൽ ക. ദി. മൂ. സഭയുടെ അടിസ്ഥാനക്കാരിൽ ഒന്നാമനായ പള്ളിപ്പുറത്തു പള്ളി ഇടവകക്കാൻ പാലസ്ഥൽ ഒ. ബ. തോമ്മാ മല്പാനച്ചന്റെ ചരിത്രം. ൧

൨. ക. ദി. മൂ. സഭയുടെ അടിസ്ഥാനക്കാരനും രണ്ടാമത്തെ ശ്രേഷ്ഠനുമായ കല്ലൂക്കാട്ട പള്ളി ഇടവകക്കാരൻ പോത്തുക്കരെ ഒ. ബ. തോമ്മാ മല്പാനച്ചന്റെ ചരിത്രം. ൧൫

൩. ക. ദി. മൂ. സഭാരുടെ അടിസ്ഥാനക്കാരനും ഒന്നാമത്തെ പ്രിയോരുമായ ചാവറ ഒ. ബ. കുറിയാക്കോസ് മല്പാനച്ചന്റെ ചരിത്രം. ൨൯

Printed and Published for the Proprieter,
by. A. P. Mani.
at. st. Joseph's Press,
Mannanam.

marggam
Digital Library of Christianity in India
www.marggam.com

A digital archive of Christian Art, Books, Manuscripts & Manuals, Imagery Literature and Music.

Support Our Ongoing Projects

- Marggam Digital Library of Christianity in India.
- Aramaic Project - Reclaim Syriac to Reaffirm Identity.
- Encyclopedia of Syriac Chants.
- Resources for Researchers.
- Directory of Christaian Songs.
- Christian Arts / Music Iconography.



CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

An international forum for interdisiplinary discussion, and dissemination of knowledge,on Art, Literature and Music of about thirty million Christians in India

Christian Musicological Society of India, Josef Ross, 1st Floor, Peter's Enclave, Opp. Kairali Apts., Panampilly Nagar, Kochi Kerala, India-682036. Phone: +91 9496244981, +91 9446514981, Email - info@thecmsindia.org